# പതിനാലാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1221

30.01.2018 ൽ മറുപടിക്ക്

**<u>പൊതുമരാമത്ത് വകുപ്പിലെ നിർമ്മിതികൾ</u>**

| <u>ചോദ്യം</u> | | <u>ഉത്തരം</u> | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ<br>,, വി.ടി.ബൽറാം<br>,, അനിൽ അക്കര** | | **ശ്രീ. ജി.സുധാകരൻ<br>(ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് വകുപ്പിലെ നിർമ്മിതികൾക്ക് നൂറ് വയസ്സ് ഉറപ്പാക്കുന്ന നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. |
| (ബി) | നിർമ്മാണത്തിലെ വീഴ്ചകൾക്ക് എഞ്ചിനീയർമാർക്കെതിരെ വകുപ്പുതല നടപടിക്കും, കരാറുകാരെ കരിമ്പട്ടികയിൽപെടുത്തുവാനും, നഷ്ടപരിഹാരം ഈടാക്കുന്നതിനും പുതിയ നിയമത്തിൽ വ്യവസ്ഥയുണ്ടാകുമോ; | (ബി) | നിയമ നിർമ്മാണം നടക്കുമ്പോൾ ഉണ്ടാകും. |
| (സി) | മഴ കൂടുതലുള്ള രാജ്യങ്ങളിൽ റോഡ് കേടുവരാതിരിക്കുവാൻ അനുവർത്തിക്കുന്ന സാങ്കേതികവിദ്യയെക്കുറിച്ച് പഠിച്ച് നിലവിലുള്ള നിർമ്മാണ രീതികളിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പൊതുമരാമത്ത് വകുപ്പിനെക്കുറിച്ച് പൊതുജനങ്ങൾക്കിടയിലുള്ള ധാരണ തിരുത്തുന്നതിനും വകുപ്പിൽ കാലത്തിനനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) | പൊതുമരാമത്ത് വകുപ്പിൽ കാലത്തിനനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന്റെ ഭാഗമായി നിരത്തു വിഭാഗത്തിലെ പ്രവൃത്തികൾ ദേശീയ നിലവാരത്തിലുയർത്തുന്നതിനായി MORTH Specification നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി അംഗീകാരം നൽകുന്നതിനായി ഓൺലൈൻ സംവിധാനമായ PRICE നടപ്പിലാക്കി, e-payment, e-tendering എന്നിവ നടപ്പിലാക്കിയതുവഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്. പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള ക്വാളിറ്റി ഓഡിറ്റിംഗ്, സർക്കാർ ഉത്തരവ് G.O. (MS) No. 1/2018/PWD dated 05/01/2018 പ്രകാരം സോഷ്യൽ ഓഡിറ്റിംഗും നടപ്പിലാക്കിയിട്ടുണ്ട്. കെട്ടിടങ്ങളുടേയും, പാലങ്ങളുടേയും, റോഡുകളുടേയും ഗുണനിലവാരം ഉയർത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ വിങ്ങിനു കീഴിൽ എല്ലാ ജില്ലകളിലും ക്വാളിറ്റി പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കാലാനുസൃത മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിനായി വകുപ്പിലെ എഞ്ചിനീയർമാർക്ക് പരിശീലനവും നൽകുന്നുണ്ട്.<br><br>ഇൻഡ്യയിൽ ആദ്യമായി മെയിന്റനൻസ് ചീഫ് എഞ്ചിനീയറെ നിയമിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ചുവരുന്നു. "പുതിയ കാലം പുതിയ നിർമ്മാണം" എന്ന ലക്ഷ്യം ശ്രദ്ധയിലുണ്ട്. കോൺട്രാക്ടേഴ്സ് ആക്കാദമി എന്ന ആശയം മുന്നോട്ട് വച്ചിട്ടുണ്ട്. രണ്ടു മേഖലാ ഡിസൈൻ ഓഫീസുകൾ എറണാകുളത്തും, കോഴിക്കോട്ടും ആരംഭിച്ചിട്ടുണ്ട്. എഞ്ചിനീയർമാർക്ക് ദേശീയ സെമിനാറും പഠനശിബിരവും workshop-കളും നടത്തി. എഞ്ചിനിയേഴ്സ് കോൺഗ്രസ് എന്ന പുതിയ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ